# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.15(1), 3.15 (2), 2010-11 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.21(1), 3.21(2) പ്രകാരം തടസ്സപ്പെടുത്തിയ 3,78,563/- (മൂന്ന് ലക്ഷത്തി എഴുപത്തി എട്ടായിരത്തി അഞ്ഞൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 3155 /2017/തസ്വഭവ. തിരുവനന്തപുരം, തീയതി.27/09/2017

---

പരാമർശം:- 1) കാറളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10.01.2014 ലെ A-7420/13 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 19.12.2014-ലെ എം3-47965/14 നമ്പർ കത്ത്.
3) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12.08.25015-ലെ എൽ.എഫ്.3602/ പിറ്റി2/2015 നമ്പർ കത്ത്.

## ഉത്തരവ്

**1.** തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.15(1), 3.15(2) പ്രകാരം യഥാക്രമം 85,206/- (എൺപത്തി അയ്യായിരത്തി ഇരുന്നൂറ്റി ആറ് രൂപ മാത്രം) രൂപയും 28,073/- (ഇരുപത്തി എട്ടായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) രൂപയും 2010-11 വർഷത്തെ ഖണ്ഡിക 3.21(1), 3.21(2) പ്രകാരം യഥാക്രമം 1,91,114/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഒരുന്നൂറ്റി പതിനാല് രൂപ മാത്രം) രൂപയും 74,170/- (എഴുപത്തി നാലായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ മാത്രം) രൂപയും തടസ്സപ്പെടുത്തിയിരുന്നു. ജി.ഒ. (സാധാ)241/06/എൽ.എസ്.ജി.ഡി., തീയതി 19.10.2006 ലെ ഉത്തരവിന് വിരുദ്ധമായി സ്വകാര്യവ്യക്തികളുടെ ഭൂമിയിലെ കാടുകൾ വെട്ടിതെളിക്കുന്ന പ്രവർത്തികൾക്കായി ചെലവഴിച്ചതിനാലാണ് ഖണ്ഡിക 3.15 (1) പ്രകാരം 85,206/- (എൺപത്തി അയ്യായിരത്തി ഇരുന്നൂറ്റി ആറ് രൂപ മാത്രം) രൂപയും ഗ്രാമപഞ്ചായത്തുമായി കരാർ വയ്ക്കാതെ സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കിണർ നിർമ്മിച്ചതിനു ചെലവഴിച്ചതിനാൽ ഖണ്ഡിക 3.15(2) പ്രകാരം 28,073/- (ഇരുപത്തി എട്ടായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) രൂപയും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് ഒരുക്കൽ എന്ന പ്രവൃത്തിക്കായി ചെലവഴിച്ചതിനാൽ ഖണ്ഡിക 3.21(1) പ്രകാരം 1,91,114/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഒരുന്നൂറ്റി പതിനാല് രൂപ മാത്രം) രൂപയും പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപണിയ്ക്കും ട്രസ്സ് നിർമ്മാണത്തിനും വേണ്ടി ചെലവഴിച്ചതിനാൽ ഖണ്ഡിക 3.21(2) പ്രകാരം 74,170/- (എഴുപത്തി നാലായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ മാത്രം) രൂപയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയത്. ടി തടസ്സപ്പെടുത്തലുകൾ സാധൂകരിച്ച്

നൽകണമെന്നാവശ്യപ്പെട്ട് കാറളം പഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്ത് ഡയറക്ടറും പരാമർശം 1, 2 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ആയതിൻമേൽ റിപ്പോർട്ട് നൽകാൻ സർക്കാർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

**2.** സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് സാധൂകരണത്തിനായുള്ള അപേക്ഷയിൻമേലുള്ള റിപ്പോർട്ട് പരാമർശം 3 പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ, മേൽപറഞ്ഞ ഓഡിറ്റ് ഖണ്ഡികകൾ സാധൂകരിക്കുന്ന കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭിച്ച അപേക്ഷയിൽ, ഖണ്ഡിക 3.15(1) പ്രകാരമുള്ള 85,206/- (എൺപത്തി അയ്യായിരത്തി ഇരുന്നൂറ്റി ആറ് രൂപ മാത്രം) രൂപയുടെ ചെലവിന് 4.01.2014 ലെ പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിലെ 3(2) നമ്പർ തീരുമാനപ്രകാരം 2010 ൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം നീർത്തട മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂവികസനത്തിനുവേണ്ടി കുറ്റിക്കാടുകൾ നീക്കംചെയ്യുന്ന പ്രവൃത്തി ഏറ്റെടുക്കാവുന്നതാകയാൽ ടി പ്രവൃത്തി സാധൂകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ഓഡിറ്റ് ഖണ്ഡിക 3.15(2) ൽ തടഞ്ഞിരിയ്ക്കുന്ന "കിണർ കുഴിക്കൽ" എന്ന പ്രവൃത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2 കുടുംബങ്ങൾക്ക് ജലസേചനത്തിനായാണ് നടത്തിയതെന്നാൽ ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിട്ടുള്ള 28,073/- (ഇരുപത്തി എട്ടായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) രൂപയുടെ തടസ്സവും സാധൂകരിക്കാവുന്നതാണെന്ന് പഞ്ചായത്ത് കമ്മിറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത് കൂടാതെ 2010-11 ൽ ഖണ്ഡിക 3.21(1) പ്രകാരം തടസ്സപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ഫ്രണ്ട് ഓഫീസ് ഒരുക്കൽ എന്ന 1,91,114/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഒരുന്നൂറ്റി പതിനാല് രൂപ മാത്രം) രൂപയുടെ ചെലവ്, പ്രസ്തുത വർഷത്തിൽ പഞ്ചായത്തിന് തനത് ഫണ്ടോ, പ്ലാൻ ഫണ്ടോ പ്രസ്തുത പ്രവൃത്തിയ്ക്ക് വക മാറ്റാൻ ഇല്ലാതിരുന്നതിനാലും പ്രസ്തുത പ്രവൃത്തി വളരെ അടിയന്തരമായി ചെയ്യേണ്ടിവന്നതിനാലുമാണ് നടത്തിയതെന്നും ടി ചെലവ് സാധൂകരിക്കാവുന്നതാണെന്നും 04.01.2014 ലെ തന്നെ 3(3)-ാം നമ്പർ തീരുമാനം പ്രകാരം കാറളം ഗ്രാമപഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ തീരുമാനമെടുത്തിരിയ്ക്കുന്നു. മാത്രവുമല്ല കാറളം പഞ്ചായത്ത് കമ്മിറ്റിയുടെ 17.12.2015 ലെ 13-ാം നമ്പർ തീരുമാനപ്രകാരം കാറളം ഗ്രാമപഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപണിയ്ക്കും ട്രസ്സ് നിർമ്മാണത്തിനുമായി ചെലവഴിച്ച 74,170/- (എഴുപത്തി നാലായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ മാത്രം) രൂപയുടെ ചെലവിന്, പ്രസ്തുത വർഷത്തിൽ പഞ്ചായത്ത് തനത് ഫണ്ടോ പ്ലാൻ ഫണ്ടോ പ്രസ്തുത പ്രവൃത്തിയ്ക്ക് വക മാറ്റാൻ ഇല്ലാതിരുന്നതിനാലും പ്രസ്തുത പ്രവൃത്തി അടിയന്തരമായി ചെയ്യേണ്ടതിനാലുമാണ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കേണ്ടിവന്നതെന്നും ആയതിനാൽ ടി ചെലവ് സാധൂകരിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ സാക്ഷ്യപ്പെടുത്തൽ കൂടാതെ ടി ചെലവുകൾ സാധൂകരിയ്ക്കുന്നതിന് ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരവുമുണ്ട്.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചു. അതിൽ നിന്നും, ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്, കാറളം പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, എന്നിവരുടെ അപേക്ഷ, വിവിധ പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിലെ സാധൂകരണത്തിനനുകൂലമായ തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അഭിപ്രായം എന്നിവ പരിഗണിച്ച് തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിലെ 2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.15(1), 3.15(2) എന്നിവ പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയ 85,206/- (എൺപത്തി അഞ്ചായിരത്തി ഇരുന്നൂറ്റി ആറ് രൂപ മാത്രം) രൂപ, 28,073/-(ഇരുപത്തി എട്ടായിരത്തി എഴുപത്തി മൂന്ന് രൂപ മാത്രം) രൂപ എന്നിവയുടെ ചെലവിനും 2010-11 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3.21(1), 3.21(2) പ്രകാരം യഥാക്രമം തടസ്സപ്പെടുത്തിയ 1,91,114/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി ഒരുന്നൂറ്റി പതിനാല് രൂപ മാത്രം) രൂപ, 74,170/- (എഴുപത്തി നാലായിരത്തി ഒരുന്നൂറ്റി എഴുപത് രൂപ മാത്രം) രൂപ എന്നിവയുടെ ചെലവിനും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, കാറളം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**